**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1103** **29-06-2026-ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതിയിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലവർഷക്കെടുതിയിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണ ഫണ്ടിൽ ഉൾപ്പെടുത്തിയ വർക്കുകളെ സംബന്ധിച്ച് വിശദീകരിക്കുമോ;

**മറുപടി:** നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലവർഷക്കെടുതിയിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണ ഫണ്ടിൽ ഉൾപ്പെടുത്തിയ വർക്കുകളെ സംബന്ധിച്ച

വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

**(ബി)** ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

**മറുപടി:** ഭരണാനുമതി ലഭ്യമായ 95 പ്രവൃത്തികളിൽ 45 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും , 42 പ്രവൃത്തികളുടെ ഭരണാനുമതി റദ്ദായിട്ടുള്ളതും , 8 പ്രവൃത്തികളുടെ നടപടികൾ പുരോഗമിക്കുന്നു .

**(സി)** നെടുമങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി കാലയളവിനുള്ളിൽ ആരംഭിക്കാത്ത ഫ്ലഡ് വർക്കുകളെ സംബന്ധിച്ച് വിശദീകരിക്കാമോ; പ്രസ്തുത വർക്കുകൾ പുതുക്കി നൽകുന്ന വിഷയം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** നെടുമങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി കാലയളവിനുള്ളിൽ ആരംഭിക്കാത്ത ഫ്ലഡ് വർക്കുകളെ സംബന്ധിച്ച വിവരം അനുബന്ധം 2ആയി ചേർത്തിട്ടുണ്ട്.ഭരണാനുമതി കാലയളവിനുള്ളിൽ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പുതിയ അപേക്ഷകൾ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഡി)** ജില്ലാ തലത്തിൽ ഫ്ലഡ് വർക്കുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഫ്ലഡ് വർക്കുകളുടെ പുനരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി , മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ സെക്രട്ടറി ,കോർപ്പറേഷനിൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവരെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയാണ് നിർവ്വഹണാനുമതി നൽകിവരുന്നത്. നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥരാണ് നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നത്.

**സെക്ഷൻ ഓഫീസർ**